പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3661

11.12.2018-ൽ മറുപടിയ്ക്ക്

## അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി ആസ്ഥാനം

*ചോദ്യം*

ശ്രീ.ഐ.ബി. സതീഷ്

*ഉത്തരം*

ഡോ.കെ.ടി.ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികളും, തുടർ നടപടികളും വിശദമാക്കാമോ? | (എ) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്ട് 2015 സെക്ഷൻ 3(6) പ്രകാരം സർവകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 21/12/2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും സർവകലാശാല അധികാരികളുടെയും യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായതും പഞ്ചായത്ത് സമിതി നിർദ്ദേശിച്ചതുമായ 250 ഏക്കർ സ്ഥലം സർവകലാശാല അധികാരികൾ റവന്യൂ അധികാരികളുടെയും പഞ്ചായത്ത് അധികാരികൾക്കൊപ്പവും സന്ദർശിച്ച് സർവകലാശാലയ്ക്ക് ആസ്ഥാനം നിർമിക്കുന്നതിന് അനുയോജ്യമായ 100 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ഉൾപ്പെട്ട സർവേ നമ്പറുകളുടെ ഫെയർ വാല്യൂ കാട്ടാക്കട |

| | | | |
|---|---|---|---|
| | | | തഹസിൽദാറിൽ നിന്ന് സർവകലാശാല ശേഖരിക്കുകയും ഏകദേശം 50 കോടി രൂപ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനു ആവശ്യമായി വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഇതിലേക്ക് ആവശ്യമായ 50 കോടി രൂപയിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള 10.33 കോടി രൂപയ്ക്ക് ജി.ഒ.(ആർ.ടി) നം.1174/2018/ഉ.വി.വ. തീയതി 14/06/2018, ജി.ഒ.(ആർ.ടി) നം.1295/2018/ഉ.വി.വ തീയതി 29/06/2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ